തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കുന്നതിന് നടപടി

*26 [409] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*
ഡോ. തോമസ് ഐസക്:
ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കിയ ആസ്തികളിൽ അധികവും അന്യാധീനപ്പെട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സൃഷ്ടിക്കപ്പെട്ട ആസ്തികളെ സംബന്ധിച്ച് അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായ കണക്കുകൾ ഉണ്ടോ;

(ഇ) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന ആസ്തികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ജനകീയാസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച ആസ്തികളിൽ കുറെ അന്യാധീനപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെർഫോമൻസ് ആഡിറ്റിലും, ലോക്കൽ ഫണ്ട് ആഡിറ്റിലും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിലും നിരവധി ആസ്തികൾ അന്യാധീനപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഇതിലെല്ലാംതന്നെ ഗവൺമെന്റുതല അന്വേഷണം നടത്തി ആസ്തികൾ വീണ്ടെടുക്കാനോ ഫലപ്രദമായി വിനിയോഗിക്കാനോ കൈമാറാനോ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൃഷ്ടിക്കപ്പെട്ട ആസ്തികളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചുവന്നിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആസ്തികളുടെ വിവരം സർവ്വേയിലൂടെ മനസ്സിലാക്കി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാൻ നടപടികൾ എടുത്തുവരുന്നു.

(ഇ) സ്വീകരിച്ചുവരുന്നു.

വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന സഹായങ്ങൾ

*27 [410] *ശ്രീ. ടി. പി. എം. സാഹിർ:*
„ *സി. മോയിൻകുട്ടി:*
, *ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ഹെൽത്ത് ഓർഗനൈസേഷനിൽനിന്നും സംസ്ഥാനത്തിന് സഹായങ്ങൾ ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ലഭിച്ചിട്ടുള്ള സഹായത്തിന്റെ വിശദാംശം നൽകുമോ;

(ഡി) സ്വീകരിച്ച സഹായങ്ങൾ അതാത് പദ്ധതികൾക്കായിത്തന്നെ മുഴുവനും ചെലവഴിച്ചിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഉണ്ട്.

(ബി) പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി, ബ്ലഡ് സേഫ്റ്റി ക്വാളിറ്റി മാനേജ്മെന്റ് പ്രോഗ്രാം, സമൂഹ മന്തുരോഗ നിവാരണ പദ്ധതി എന്നീ പദ്ധതികൾക്കാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ സഹായം ലഭിക്കുന്നത്.

(സി) പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കായി 2003-2004-ൽ 121.94 ലക്ഷവും 2004-2005-ൽ 162 ലക്ഷം രൂപയും ലഭിക്കുകയുണ്ടായി. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്ക് 2003-2004-ൽ 1,50,000 രൂപയും 2004-2005-ൽ 91,000 രൂപയും ലഭിച്ചു. സമൂഹ മന്തുരോഗ നിവാരണ പദ്ധതിക്ക് കഴിഞ്ഞ രണ്ടുവർഷങ്ങളിൽ 118 ലക്ഷം രൂപയും ബ്ലഡ് സേഫ്റ്റി ക്വാളിറ്റി മാനേജ്മെന്റ് പ്രോഗ്രാമിന് 10,44,079 രൂപയും ലഭിച്ചു.

(ഡി) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly